## പതിനാലാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.3628 | 20.06.2019 ൽ മറുപടിയ്ക്ക്

### ശുചിത്വം പാലിക്കാത്ത ബാർബർ ഷോപ്പുകൾ

| ചോദ്യം<br><br>ശ്രീ.മഞ്ഞളാംകുഴി അലി<br>,, വി.കെ.ഇബ്രാഹിം കുഞ്ഞ് | | ഉത്തരം<br>കെ.കെ. ശൈലജ ടീച്ചർ<br><br>(ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പമന്ത്രി) | |
|---|---|---|---|
| (എ) | സംസ്ഥാനത്തെ ബാർബർ ഷോപ്പുകളിൽ പലതും പൊതുജനാരോഗ്യ സംരക്ഷണത്തിൽ പാലിക്കേണ്ട ശുചിത്വം പാലിക്കാത്തതിനാൽ മാരകമായ രോഗങ്ങൾക്കുവരെ ഇടയാക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ? | (എ) | ഉണ്ട്. |
| (ബി) | ഇത്തരം ഷോപ്പുകൾക്ക് ശുചിത്വപാലനത്തിൽ എന്തെല്ലാം നിർദ്ദേശങ്ങളാണ് ആരോഗ്യവകുപ്പ് നൽകിയിട്ടുള്ളത്; ഈ നിർദ്ദേശങ്ങൾ പാലിയ്ക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുന്നതിന് ആരെയാണ് ചുമതലപ്പെടുത്തിയിട്ടുള്ളത് എന്ന് വെളിപ്പെടുത്താമോ; | (ബി) | ബാർബർ ഷോപ്പുകളിൽ അണുവിമുക്തമായ ഉപകരണങ്ങൾ മാത്രമേ ഉപയോഗിക്കാവൂ. ഒരു തവണ ഉപയോഗിച്ച ബ്ലേഡ് വീണ്ടും ഉപയോഗിക്കരുത്. ഷേവ് കഴിഞ്ഞതിനുശേഷം ഉപയോഗിക്കുന്ന കല്ല് (ആലം) കഴിയുന്നതും ഒഴിവാക്കുക, അല്ലാത്തപക്ഷം അണുവിമുക്തമാക്കി ഉപയോഗിക്കുക, മുടിവെട്ടുന്ന സമയത്ത് ഉപയോഗിക്കുന്ന തുണി അണുവിമുക്തമാക്കുക, തുടങ്ങിയ നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. അതാത് ജില്ലാ മെഡിക്കൽ ഓഫീസർമാർക്കാണ് ഇതു ഉറപ്പുവരുത്തുന്നതിനുള്ള ചുമതല നൽകിയിരിക്കുന്നത്. |
| (സി) | ശുചിത്വപരിപാലനത്തിൽ വീഴ്ച വരുത്തുന്ന ഇത്തരം സ്ഥാപനങ്ങൾക്കെതിരെ ആരോഗ്യവകുപ്പ് കർശന നടപടികൾ സ്വീകരിക്കുമോ? | (സി) | പരാതി ലഭിക്കുന്ന മുറയ്ക്ക് അവ പരിശോധിച്ച് ബന്ധപ്പെട്ട ജില്ലാ മെഡിക്കൽ ഓഫീസർമാർ നടപടി സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ